സൂപ്പർവൈസർമാരുടെ 25 ശതമാനം തസ്തികകൾ സംവരണം ചെയ്തിട്ടുണ്ട്. അപ്രകാരം നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് കേന്ദ്രഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ട്. ഇവർക്ക് പെൻഷൻ പ്രായം നിർണ്ണയിക്കണമെന്നും പെൻഷൻ പദ്ധതി ഏർപ്പെടുത്തണമെന്നും, ജീവനക്കാരായി അംഗീകരിച്ച് ഘട്ടംഘട്ടമായി റഗുലറൈസ് ചെയ്യണമെന്നും കേന്ദ്രഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

58 (634) അംഗൻവാടികളിലെ നിയമനം കുറ്റമറ്റതാക്കാൻ നടപടി

ശ്രീ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഐ.സി.ഡി.എസ്. പ്രോജക്ട് ആഫീസുകൾ നിലവിലുണ്ട്;

(ബി) ഈ പ്രോജക്ടുകളുടെ കീഴിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്;

(സി) ഈ അംഗൻവാടികളിലെ വർക്കേഴ്സിനേയും ഹെൽപ്പേഴ്സിനേയും നിയമിക്കുന്ന രീതി വ്യക്തമാക്കുമോ;

(ഡി) ഈ രീതിക്ക് വിപരീതമായി നിയമനം നടത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അതിൻമേൽ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(എഫ്) അംഗൻവാടികളിൽ പണിയെടുക്കുന്ന ജീവനക്കാർക്ക് ഇപ്പോൾ നൽകിവരുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ജി) കൂടുതൽ സമയം പണിയെടുക്കുന്ന ഈ ജീവനക്കാർക്ക് അർഹമായ വേതനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ 140 ഐ.സി.ഡി.എസ് പ്രോജക്ടുകൾ നിലവിലുണ്ട്.

(ബി) 17286 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) ജില്ലാകളക്ടർ ചെയർമാനായും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ കൺവീനറായും സർക്കാർ രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റിയാണ് അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവരെ തെരഞ്ഞെടുക്കുന്നത്. പ്രസ്തുത കമ്മിറ്റിയിൽ പദ്ധതി പ്രദേശത്തെ എം.പി., എം.എൽ.എ., ജില്ലാ പഞ്ചായത്ത് മെമ്പർമാരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് പ്രസിഡന്റുമാർ, മെമ്പർമാർ എന്നിവരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ, ജില്ലയിലെ ഒരു വനിതാ പ്രവർത്തക ഉൾപ്പെടെ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നുപേർ, എന്നിവരാണ് തെരഞ്ഞെടുപ്പ് കമ്മിറ്റിയിൽ ഉള്ളത്. ഈ കമ്മിറ്റി കൂടിക്കാഴ്ച നടത്തി റാങ്ക്ലിസ്റ്റ് തയ്യാറാക്കിയാണ് നിയമനം നടത്തുന്നത്. ഈ റാങ്ക്ലിസ്റ്റിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസ് 4 ജീവനക്കാരുടെ നിയമനത്തിന് പബ്ലിക് സർവ്വീസ് കമ്മീഷൻ പാലിക്കുന്ന സംവരണ തത്വങ്ങൾക്ക് വിധേയമായാണ് നിയമനം നടത്തുന്നത്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) അംഗൻവാടികളിലെ ജീവനക്കാർക്ക് ഇപ്പോൾ നൽകിവരുന്ന വേതനം താഴെപ്പറയുംപ്രകാരമാണ്.

അംഗൻവാടി വർക്കർ	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	ആകെ
എസ്.എസ്.എൽ.സി. തോറ്റവർ	438	200	638
എസ്.എസ്.എൽ.സി. തോറ്റവർ (5 വർഷത്തെ സേവനം പൂർത്തിയാക്കിയവർ)	469	200	669
എസ്.എസ്.എൽ.സി. തോറ്റവർ (10 വർഷത്തെ സേവനം പൂർത്തിയാക്കിയവർ)	500	200	700
എസ്.എസ്.എൽ.സി. ജയിച്ചവർ (5 വർഷത്തെ സേവനം പൂർത്തിയാക്കിയവർ)	500	200	700
എസ്.എസ്.എൽ,സിയും (10 വർഷത്തെ സേവനം പൂർത്തിയാക്കിയവർ)	563	200	763
ഹെൽപ്പർ	260	200	460

(ജി) ഐ.സി.ഡി.എസ് പദ്ധതി ഒരു കേന്ദ്രാവീഷ്കൃത പദ്ധതിയാണ്. അതുകൊണ്ട് അംഗവൻവാടി ജീവനക്കാരുടെ വേതനം നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. ഇവരുടെ വേതനം വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

59 (635) അനാഥാലയങ്ങളുടെ പ്രവർത്തനം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അഗതി മന്ദിരം എന്നിവ ഏതെല്ലാമാണ്;

(ബി) ഇവയിലോരോന്നിലും എത്ര വീതം അന്തേവാസികളാണ് ഉള്ളത് എന്നറിയിക്കുമോ;

(സി) സ്വകാര്യ മേഖലയിലെ സാമൂഹ്യ സംഘടനകൾ എവിടെയെല്ലാം ഇത്തരം സ്ഥാപനങ്ങൾ നടത്തുന്നുണ്ടെന്ന് അറിയിക്കുമോ;

(ഡി) സ്വകാര്യ സാമൂഹ്യ സംഘടനകൾക്ക് വിദേശ സഹായം ലഭിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കെന്നും എവിടെനിന്നെല്ലാമെന്നും വെളിപ്പെടുത്തുമോ; കഴിഞ്ഞ അഞ്ചു വർഷമായി ഇവയിലേക്കോരോന്നിലും എത്ര ധനസഹായം വീതം ലഭിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(എഫ്) വിദേശ സഹായങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരമാണോ ചെലവാക്കുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly